The Amendment was put to the vote of the House and lost.

MR. C. JEBAMONY NADAR. Sir, I beg to move that in Clause 4, sub-clause (3) the word "may" in column 1 of the schedule may be omitted and the words "shall not" substituted.

Under Sections 294 to 297 a person cannot be arrested for the offences stated therein without warrant. But by this Bill he could be arrested without warrant and yet the offence is a bailable one. In a case like this no useful purpose is served by arresting a person and keeping him in the lock-up or jail. Some police man may detain him in custody just to tease him. With these words, I move this amendment for the acceptance of the House.

MR. PUTHUPALLI S. KRISHNA PILLAI: Sir, there is no innovation made in this Clause. It will be found that a new Section has been introduced into the schedule *i. e.* 294 A. As the sections 294 and 295 were treated on the same footing, in the columns relating to section 295 het words "do" "do" "do" were put in. When a new clause is wedged into the schedule, if the words "do" "do" are allowed to remain, it would refer to the provision relating to the new clause. Therefore when this Bill was drafted this amendment was found to be necessary. But we have not deviated from the existing provisions. On the contrary we have only made it more clear. Therefore, the amendment is not in order and I oppose it.

The amendment was put to the vote of the House and lost.

The question whether Clause 4 stands part of the Bill was put to the vote of the House and carried.

Clause 4 was added on to the Bill.

The question whether the preamble stands part of the Bill was then put to the vote of the House and carried. The preamble was added on to the Bill.

The question whether the title stands part of the Bill was put to the vote of the House and carried. The title was added on to the Bill.

ADJOURNMENT MOTION.

PRESIDENT: Order, Order. The House will now consider the adjournment motion that was fixed to be taken up to-day. The adjournment for which notice has been given by Mr. Kannara Gopala Panicker is as follows:

> "I intend asking for leave to make a motion for the adjournment of the business of the Assembly, for the purpose of discussing a definite matter of urgent public importance, namely, the lathi charge by the police on an innocent and peaceful assemblage of labourers at Alleppey on the 11th Meenom 1113 leading to the death of one of them and injuries to a large number."

LIBRARY ARCHIVES Kerala Legislative Assembly

MR. KANNARA GOPALA PANICKER (*Mavelikara cum Kunnaitur*) : സർ, ഉദ്ദേശം ൧൯ കൊല്ലങ്ങൾക്കുമുൻപു തിരുവിതാംകൂറിലെ തൊഴിലാളികളുടെ അഭിവൃദ്ധിയെ പുരസ്കരിച്ചും അവരെ സംഘടിപ്പിക്കണമെന്നുദ്ദേശിച്ചും ആലപ്പുഴ സ്ഥാപിച്ചിട്ടുള്ള ഒരു സ്ഥാപനമാണു് ലേബർ അസോസ്യേഷൻ. ഈ ലേബർ അസോസ്യേഷനിലെ അംഗങ്ങൾക്കു് അതു് സ്ഥാപിച്ചുകഴിഞ്ഞതിനുശേഷം, ഏതാണ്ടു് ഒരു പത്തുകൊല്ലത്തിനുള്ളിൽ, കിട്ടിക്കൊണ്ടിരുന്ന കൂലിയുടെ ൫൦ ശതമാനം അവരുടെ മുതലാളികൾ കുറച്ചു. ഇങ്ങനെ മുതലാളികൾ കൂലി കുറച്ചതിൽവച്ചുണ്ടായ സങ്കടത്തെ പാവപ്പെട്ട തൊഴിലാളികൾ അവരുടെ യജമാനന്മാരെയും ഗവണ്മെൻറിനേയും കാലാകാലങ്ങളിൽ അറിയിച്ചുകൊണ്ടിരുന്നു. അതിൽ യാതൊരു ഫലവും ഉണ്ടായില്ല; എന്നുമാത്രവുമല്ല, മുതലാളികളാകട്ടെ ഗവണ്മെൻറാകട്ടെ ഈ തൊഴിലാളികളോടു യാതൊരുവിധമായ അനുകൂല്യമോ അനുകമ്പയോ കാണിച്ചിട്ടുമില്ല. അങ്ങനെയിരിക്കുന്ന സന്ദർഭത്തിലാണു് സർ സി. പി. രാമസ്വാമിഅയ്യർ ഇവിടത്തെ ദിവാൻപദം കയ്യേറ്റതു്. സർ സി. പി. രാമസ്വാമിഅയ്യർ ഇവിടത്തെ ദിവാൻജിയായി വന്നതിനുശേഷം മൂന്നു് പ്രാവശ്യം ലേബർ മെംബറന്മാർ ഡെപ്യൂട്ടേഷൻ മുഖാന്തിരം അവരുടെ സങ്കടങ്ങളെ അദ്ദേഹത്തെ അറിയിച്ചു. അദ്ദേഹം തൊഴിലാളികളുടെ സങ്കടങ്ങളെ പരിഹരിക്കുന്നതിനു ആവശ്യമായ നടപടികൾ നടത്താമെന്നും ഒരന്വേഷണം നടത്താമെന്നും അതിൻെറ ഫലമായി തൊഴിലാളികളുടെ ആവശ്യങ്ങളെന്തെല്ലാമാണെന്നു മനസ്സിലാക്കി വേണ്ട പരിഹാരങ്ങൾ ചെയ്യാമെന്നും വാഗ്ദാനംചെയ്തു. ഈ വാഗ്ദാനമനുസരിച്ചു് ഒന്നരക്കൊല്ലത്തോളം കാത്തിരുന്നിട്ടും യാതൊരുവിധമായ അന്വേഷണവും നടത്തിയില്ല എന്നുമാത്രമല്ലാ അവരുടെ സങ്കടത്തിനു യാതൊരുവിധമായ പരിഹാരവും ഉണ്ടാക്കിക്കൊടുത്തുമില്ല. ഈ അവസരത്തിൽ അവരുടെ സങ്കടങ്ങൾ പൂർവാധികം വർദ്ധിച്ചും വന്നുകൊണ്ടിരുന്നു; അതായതു് കിട്ടിയിരുന്ന കൂലി കുറച്ചു; കുറച്ച തോതിലുള്ള കൂലിതന്നെയും പൂർണമായിട്ടു കൊടുക്കാതെ സാധനങ്ങളായും സാമഗ്രികളായും കൊടുക്കുന്നമട്ടായി. തൊഴിലാളികളുടെ സങ്കടപരിഹാരത്തിനു് പ്രവർത്തിച്ചുകൊണ്ടിരുന്ന ചില പ്രധാന പ്രവർത്തകന്മാരെ വ്യവസായശാലകളിൽനിന്നു പിരിച്ചുവിട്ടും തുടങ്ങി. ഇങ്ങിനെ പലവിധത്തിലുമുള്ള മർദ്ദനങ്ങൾ അവർ മുതലാളികളിൽനിന്നു അനുഭവിക്കേണ്ടിവന്നു. അവരുടെ നിവേദനങ്ങളെല്ലാം വനരോദനമായി പരിണമിച്ചു. ഈ അവസരത്തിൽ സങ്കടപരിഹാരത്തിനായി നിയമാനുസരണവും നിർദ്ദോഷവും എന്നാൽ ഫലപ്രദമാണെന്നു തോന്നി

LIBRARY ARCHIVES Kerala Legislative Assembly

യതുമായ ഒരായുധം അതായത് പണിമുടക്ക് പ്രയോഗിച്ചുകളയാമെന്ന വർ നിശ്ചയിച്ചു. പണിമുടക്കു നടത്തണം എന്ന് നിശ്ചയിച്ചതല്ലാതെ അത് എന്നു തുടങ്ങണമെന്നുള്ള തീയതി നിശ്ചയിക്കയോ ഉടനടി തുടങ്ങണമെന്നു തീർച്ചചെയ്കയോ ചെയ്തിട്ടില്ലായിരുന്നു. അവർ പണിമുടക്ക് നടത്തണം എന്നു നിശ്ചയിച്ചതുതന്നെ ഇന്നത്തെ ദിവാൻജി അവർകൾ ഭരണംതുടങ്ങി ഒന്നരക്കൊല്ലം കഴിഞ്ഞതിനുശേഷമാണ്. സമാധാനപരമായരീതിയിൽ പണിമുടക്ക് നടത്തുന്നതിനു വേണ്ട വേലകൾ ചെയ്യുന്നതിനു ഒരു കമ്മിറ്റിയെ ഏർപ്പെടുത്തിയതോടുകൂടിത്തന്നെ തൊഴിലാളി മെംബറന്മാർ ഗവണ്മെൻറിൽനിന്ന് ഒരു അനേഷണം നടത്തണംഎന്ന് വീണ്ടും വീണ്ടും അപേക്ഷിച്ചുകൊണ്ടിരുന്നു. സ്ട്രൈക്കിനെസംബന്ധിച്ചുള്ള പ്രചരണവേലകൾ നടത്തുകയോ അതിലേക്കുള്ള തീയതി നിശ്ചയിക്കുകയോ ചെയ്യുന്നതിനുമുൻപായി കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് തൊഴിലാളികളുടെ എല്ലാവിധസമ്മേളനങ്ങളേയും നിരോധിച്ചുകൊണ്ട് ഒരു ആർഡർ പുറപ്പെടുവിച്ചു. ഈ ആർഡർ പുറപ്പെടുവിച്ചുകഴിഞ്ഞ ഉടനെതന്നെ കൂറെ റിസർവു പോലീസുകാരെ സ്ഥിരമായി ആലപ്പുഴെ താമസിപ്പിക്കുകയുംചെയ്തു. ഇതെല്ലാംകഴിഞ്ഞതിനുശേഷം ഗവണ്മെൻറിൽനിന്നും കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനെതന്നെ എൻകയറി ആഫീസറായി അവിടെ നിയമിച്ചു. ഈ നിയമനവാർത്ത അറിഞ്ഞ ഉടൻതന്നെ ലേബർ സംഘത്തിൻറെ വൈസ് പ്രസിഡൻറന്മാരിൽ ഒരാളായ മി. പി. എൻ. കുഞ്ഞപിള്ള ഗവണ്മെൻറിൻറെ ഈ നിയമനത്തെ ബഹുമാനപൂർവ്വം സ്വാഗതം ചെയ്തുകൊണ്ടും പണിമുടക്ക് തൽക്കാലം നിറുത്തിവയ്ക്കണമെന്നു സഹപ്രവർത്തകന്മാരോട് അപേക്ഷിച്ചുകൊണ്ടും ഒരു സ്റ്റേറ്റുമെൻറ് പുറപ്പെടുവിച്ചു. അതിനെതുടർന്നു ലേബർ സംഘത്തിൻറെ ഒരു കമ്മിറ്റിയോഗം കൂടി തൽക്കാലത്തേയ്ക്ക് സ്ട്രൈക്കു നിറുത്തിവയ്ക്കണമെന്നും ഗവണ്മെൻറ് നിയമിച്ചിട്ടുള്ള എൻകയറി ആഫീസറുമായി സഹകരിച്ച് പ്രവർത്തിക്കണമെന്നും അവരുടെ സങ്കടങ്ങളെപ്പറ്റി നിവേദനം ചെയ്യണമെന്നും നിശ്ചയിച്ചു. ആവിവരം പൊതുജനങ്ങളേയും ഗവണ്മെൻറിനേയും അറിയിച്ചു. നിരോധനഉത്തരവ് പുറപ്പെടുവിച്ചതുകൊണ്ട് തൊഴിലാളികളുടെ പൊതുയോഗം കൂടി കാര്യങ്ങൾ ആലോചിച്ച് തീർച്ചപ്പെടുത്താൻ സൗകര്യമില്ലാതിരുന്നതിനാൽ ഇപ്രകാരമൊരു എൻകയറി ആഫീസറെ നിയമിച്ചതുമൂലമുണ്ടായ സ്ഥിതിഗതികളെപ്പറ്റി തൊഴിലാളിസമ്മേളനംകൂടി പര്യാലോചിക്കുന്നതിനായി നിരോധനയുത്തരവ് പിൻവലിക്കണമെന്നു കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ടിനോടും ഗവണ്മെൻറിനോടും തൊഴിലാളി മെംബറ

LIBRARY ARCHIVES Kerala Legislative Assembly

ന്മാർ അപേക്ഷിച്ചുകൊണ്ടിരുന്നു. സമാധാനപരവും ആശാവഹവുമായ ഒരന്തരീക്ഷം സൃഷ്ടിക്കുന്നതിനുള്ള ഏറ്റവും പര്യാപ്തമായ ഒരു സന്ദർഭമായിരുന്നു. മുതലാളികളും ഉദ്യോഗസ്ഥന്മാരും മറ്റധികാരികളും ആ സന്ദർഭത്തെ ഉപയോഗപ്പെടുത്തി ഗവണ്മെൻറധികാരികൾ ആ സുവർണ്ണാവസരത്തെ ശരിയായി ഉപയോഗിച്ചിരുന്നെങ്കിൽ യാതൊരനിഷ്ടസംഭവവും ആലപ്പുഴെ ഉണ്ടാകുകയില്ലായിരുന്നു. മീനം ഫ്രാൻ- ലേബർ അസോസ്യേഷൻ സെക്രട്ടറിയേയും അതിലെ കമ്മിറ്റി മെംബറന്മാരിൽ രണ്ടുപേരേയും അറസ്റ്റ്ചെയ്യുകയുണ്ടായി. അവരെ ആലപ്പുഴ ലേബർ അസോസിയേഷൻ ആഫീസിൽവച്ച് അറസ്റ്റ്ചെയ്ത പോലീസ്സ്റ്റേഷനിൽ കൊണ്ടുചെന്നു. ആ അവസരത്തിലാണ് ആയിരക്കണക്കിനു ആലപ്പുഴയുള്ള തൊഴിലാളികൾ പോലീസ്സ്റ്റേഷൻറെ മുൻവശം വന്നുചേർന്നത്. അവരുടെ പ്രധാനികളായ ലീഡർമാരെ അറസ്റ്റ്ചെയ്തതുകൊണ്ട് അവരെ ഒരിക്കൽക്കൂടി കാണുന്നതിനും അനുമോദിക്കുന്നതിനും, അവർക്കാവശ്യമുള്ള എന്തെങ്കിലും സംഗതിയുണ്ടെങ്കിൽ അതു നിവർത്തിച്ചുകൊടുക്കുന്നതിനുമായിട്ടാണ് അവർ അപ്രകാരം അവിടെ വന്നുചേർന്നത്. അവർ സമാധാനപരമായും നിയമാനുസൃതമായുമാണ് അവിടെ നിന്നതു്. † ആലപ്പുഴ പോലീസ് സ്റ്റേഷൻറെ മുൻവശം എങ്ങിനെയുള്ളതാണെന്നുനോക്കാം; പോലീസ് സ്റ്റേഷൻറെ വടക്കുവശം റോഡും, റോഡിനെതൊട്ട കമ്പിവേലിയും, കമ്പിവേലിക്കു വടക്കുവശം കള്ളിമുള്ളുകൾ നിറഞ്ഞ സ്ഥലവും, അതിനുവടക്ക് കമേർഷ്യൽ കനാലുമാണ്. തൊഴിലാളികളെല്ലാം പോലീസ് സ്റ്റേഷൻറെ മുൻവശംവന്ന് അല്പസമയം കഴിഞ്ഞപ്പോൾ സ്ഥലത്തെ മജിസ്ട്രേട്ടും പോലീസ്സ്റ്റേഷനിൽ വന്നു. തൊഴിലാളികൾ അവരുടെ നേതാക്കന്മാരെ കാണണമെന്നുള്ള ആഗ്രഹത്തോടുകൂടി നിശ്ശബ്ദമായി നിന്നതല്ലാതെ കുറുകരമായ യാതൊന്നും ചെയ്തില്ല; ഡിസ്ട്രിക്ട് മജിസ്ട്രേട്ടിൻറെ നിരോധനയുത്തരവിനെ ലംഘിക്കത്തക്കവണ്ണം യാതൊന്നും ചെയ്തില്ല; പോലീസ്സ്റ്റേഷനെയോ ഉദ്യോഗസ്ഥന്മാരെയോ സാധു തൊഴിലാളികൾ കയ്യേറ്റം നടത്തിയില്ല. അവരെ പിരിച്ചുവിടേണ്ട യാതൊരാവശ്യവും ഇല്ലായിരുന്നു. പോലീസുകാരോ, മജിസ്ട്രേട്ടോ, അവിടെ കൂടിയിരുന്നവരെല്ലാം പിരിഞ്ഞുപോകണമെന്നു പറഞ്ഞുമില്ല. പിരിഞ്ഞുപോകുന്നതിനെസംബന്ധിച്ച് യാതൊരുവിധമായ ഉത്തരവും മജിസ്ട്രേട്ട് പുറപ്പെടുവിച്ചില്ല. പിരിഞ്ഞുപോകണമെന്നു പറയാതിരിക്കുന്നിടത്തോളംകാലം അവർക്ക് അവിടെ നിൽക്കുവാൻ അവകാശമുണ്ടല്ലൊ. കുറെ കഴിഞ്ഞപ്പോൾ സാധു തൊഴിലാ

LIBRARY ARCHIVES Kerala Legislative Assembly

ളികളുടെമേൽ പോലീസുകാർ യാതൊരു കാരണവുംകൂടാതെ നിർദ്ദയമായി ലാത്തി പ്രയോഗിച്ചുതുടങ്ങി. ഈ മർദ്ദനം അധികാരഭ്രമം പ്രകടിപ്പിക്കുന്നതിനുവേണ്ടിമാത്രമായിരുന്നു. ലാത്തി പ്രഹരമേറ്റ് വളരെ ആളുകൾ തോട്ടിൽചാടി. കമ്പിയുടെ മുകളിൽക്കൂടി ചാടി ചിലർക്ക് മുട്ടെല്ലാം പോയി. ആയിരക്കണക്കിനുള്ള ആളുകൾ അവരവർ നിന്നസ്ഥലത്തുതന്നെനിന്നു അടികൊള്ളുകയാണ് ചെയ്തത്. അടികൊണ്ടതിൽ നാലുപേരെ ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടിന്റെ മുൻപാകെ കോടതിയിൽ പോലീസുകാർ ഹാജരാക്കി, നാലുപേരേയും മജിസ്ട്രേട്ട പരിശോധിച്ചശേഷം ആശുപത്രിക്കു നീക്കംചെയ്യാൻ ഉത്തരവുകൊടുത്തു. അവരെ നാലുപേരെയും ആശുപത്രിയിൽ ആക്കി. ഈ നാലുപേരിൽ അതികഠിനമായി മുറിവേറ്റ ബാവാ എന്നയാളിനെ ഒഴിച്ച് മറ്റ് മൂന്നുപേരേയും പൊലീസുകാർ ഭയപ്പെടുത്തി ആശുപത്രിയിൽനിന്നു പറഞ്ഞയച്ചു. ഇങ്ങനെ ഒടുവിൽ ബാവാമാത്രമെ ആശുപത്രിയിൽ ശേഷിച്ചുള്ളൂ.

പൊലീസുകാർ രാത്രി ആശുപത്രിയിൽ ചെന്നു ബാവായേ ഭീഷണിപ്പെടുത്തി. ബാവായുടെ ഒരു സഹോദരനാണ് ആശുപത്രിയിൽ അയാളെ ശുശ്രൂഷിക്കുവാൻ കൂടെ ഉണ്ടായിരുന്നത്. അന്നേദിവസം അയാളെ കാണുന്നതിനായി മെസ്സേഴ്സ് പി. എൻ. കൃഷ്ണപിള്ള, സി. കേശവൻ, പി. കെ. കുഞ്ഞു എന്നിവർ ആശുപത്രിയിൽ പോയിരുന്നു. അവരോട് ലാത്തിചാർജിനേപ്പറ്റിയുള്ള വിവരങ്ങളും തൻനിമിത്തം അയാൾക്കു കിട്ടിയിട്ടുള്ള മുറിവുകളേയും അതിന്റെ വേദനയെയും പറ്റി വിവരമായി ബാവതന്നെ അവരെ പറഞ്ഞു കേൾപ്പിച്ചു. പിറ്റേദിവസം മെ. പട്ടം താണുപിള്ള, കെ. റ്റി. തോമസ്, പി. എൻ. കൃഷ്ണപിള്ള, എം. എസ്സ് അനിരുദ്ധൻ എന്നിവർ വീണ്ടും ആസ്പത്രിയിൽ പോയി ബാവായെ കണ്ടു. അപ്പോൾ ബാവായ്ക്ക് സംസാരിക്കാൻ പ്രാപ്തിയില്ലാതെ ആസന്നമരണനായി കിടക്കുകയായിരുന്നു. ബാവായ്ക്ക് ലാത്തിചാർജ്ജിൽനിന്നും പറ്റിയ മുറിവുകളേയും ഉപദ്രവങ്ങളേയും പറ്റി വിശദമായി ബാവായുടെ സഹോദരൻ മി. താണുപിള്ളയോടും മറ്റും പറഞ്ഞുകേൾപ്പിച്ചു. അന്നേദിവസം അതായത് ഫെബ്രുവരി മാസം ഇരുപത്തൊമ്പതാംതീയതി ബാവാ ആശുപത്രിയിൽ കിടന്ന് മരിച്ചു. മരിച്ച ഉടനെ പോലീസുകാരും മജിസ്ട്രേട്ടുംകൂടെ അടുത്തുവന്ന് ഇൻക്വസ്റ്റ് തയാറാക്കി. ബാവായുടെ ബന്ധുക്കളും അയാളോടു താല്പര്യമുള്ള മറ്റാളുകളും കൂടി അവിടെ വരികയും അവരേക്കൂടെ ആശുപത്രിയിൽ പ്രവേശിപ്പിക്കണമെന്നും ഇൻക്വസ്റ്റ് തയാ-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kannara Gopala Panikkar.]

റാക്കുന്ന വിഷയത്തിൽ പങ്കുകൊള്ളിക്കണമെന്നും അധികൃതരോട് ആവശ്യപ്പെടുകയുംചെയ്തു. ലേബർ അസോസിയേഷൻ സിക്രട്ടറിയും ആശുപത്രിയിൽ പ്രവേശനം വേണമെന്ന രേഖാമൂലം ആവശ്യപ്പെട്ടു. എന്നാൽ അധികൃതർ ഇവയേ എല്ലാം നിഷേധിക്കുകയാണ് ചെയ്തിട്ടുള്ളത്. രാത്രിയിൽ തന്നെ ഇൻക്വസ്റ്റു പൂർത്തിയാക്കി. അതിനുശേഷം റിസർവു പോലീസുകാർ പൊലീസ്ബസ്സിൽ ബാവായുടെ ശവവും കയറ്റി ആശുപത്രിയിൽനിന്നും ഉദ്ദേശം നാലു മൈലിനപ്പുറമുള്ള ബാവായുടെ വീട്ടിലേക്ക് അയാളുടെ സഹോദരനോടുകൂടെ പോയി. പോലീസുകാർ ഇൻക്വസ്റ്റു തയാറാക്കിയതിനുശേഷം ബാവായുടെ സഹോദരനും അയാളുടെ മറ്റുചില ബന്ധുക്കളും ബാവായുടെ ശവശരീരം സംസ്കരിക്കുന്നതിനു അവരെ എല്പിക്കണമെന്ന് അധികൃതരോട് ആവശ്യപ്പെട്ടു. അവരുടെ അപേക്ഷകൾക്ക് പൊലീസുകാർ വശപ്പെട്ടില്ല എന്നു മാത്രമല്ലാ പൊലീസുവാനിൽ പൊലീസ്അകമ്പടിയോടുകൂടി ശവശരീരത്തെ കൊണ്ടുപോകുകയാണ് ചെയ്തത്. വീട്ടിൽ എത്തിയതിനു ശേഷം ബാവായുടെ ഭാര്യയും മറ്റു ചില ബന്ധുക്കളും കൂടി അവരുടെ ജാതി മര്യാദയും നടപ്പും അനുസരിച്ച് ശവശരീരം ദഹിപ്പിക്കുന്നതിന് അനുവാദം വേണമെന്ന് പോലീസ്കാരോട് അപേക്ഷിച്ചു. പൊലീസു അതിലേക്ക് അനുവദിച്ചില്ല. ശവസംസ്കാരത്തിൽ സംബന്ധിക്കുന്നതിനും അയാളുടെ ദേഹവിയോഗത്തിൽ അനുതപിക്കുന്നതിനും ആയി വന്നുകൂടിയ അയൽക്കാരേയും ബന്ധുക്കളേയും പൊലീസുകാർ ഭീഷണിപ്പെടുത്തുകയും ആ സ്ഥലത്തുനിന്നും, അതായത് ബാവായുടെ വീട്ടിൽ നിന്നും ഓടിക്കയുമാണ് അപ്പോഴും ചെയ്തത്. ഒടുവിൽ ശവം കുഴിച്ചുമൂടുന്നതിനു പോലീസുകാർതന്നെ കുഴി തോണ്ടി. സമുദായാചാരവും മതാചാരവും അനുസരിച്ച് ശവം ദഹിപ്പിക്കുക എന്നുള്ള ഒരാചാരമാണ് ബാവായുടെ കുടുംബക്കാർ അനുഷ്ഠിച്ചുവരുന്നത്. അതനുസരിച്ചാണ് ശവം ദഹിപ്പിക്കുന്നതിന് അനുവാദം വേണമെന്ന് ആവശ്യപ്പെട്ടത്. അവരുടെ അപേക്ഷയെ അവഗണിച്ചു എന്നുമാത്രമല്ല അവരുടെ മതപരവും സമുദായപരവുമായ 'ഫീലിങ്ങിനെ' (വികാരങ്ങളെ) വ്രണപ്പെടുത്തികൊണ്ടുമായി പൊലീസുകാർ സ്വയമേവ ശവം കുഴിച്ചുമൂടാൻ ശ്രമിച്ചതിന്റെ രഹസ്യം എന്താണെന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട മെമ്പറന്മാർ തന്നെ തീർച്ചയാക്കണം. ഇങ്ങനെ ബന്ധുമിത്രാദികളേ ഭീഷണിപ്പെടുത്തി ഓടിച്ച് ശവം കുഴിച്ചുമൂടാൻ തുടങ്ങിയ അവസരത്തിൽ മി. പി. എൻ. കൃഷ്ണപിള്ളയും മറ്റു ലേബർ പ്രവർത്തകന്മാരും മറ്റനേകം

LIBRARY ARCHIVES Kerala Legislative Assembly

ആളുകളും ആ സ്ഥലത്തുപോവുകയും അവർ എല്ലാവരുടേയും നിർബന്ധ പൂർവമായ അപേക്ഷ അനുസരിച്ചു ശവം ദഹിപ്പിക്കുന്നതിന് പോലീസ്കാർ അനുവദിക്കുകയും ചെയ്തു. ഇങ്ങനെ ബാവായുടെ ശവസംസ്കാരം നടന്നു. ഈ സംഭവത്തെപ്പറ്റി തിരുവിതാംകൂർ ഗവണ്മെൻറിനും മഹാരാജാവു തിരുമനസ്സിനും മറ്റധികൃതന്മാർക്കും ലേബർ പ്രവർത്തകന്മാർ കമ്പികൾ അടിച്ചിട്ടുണ്ടു്. ഈ സംഭവം നടന്നയുടനെ അതിനേപ്പറ്റി പൊലീസ് കമ്മീഷണർ ഒരന്വേഷണം നടത്തി ഗവണ്മെൻറിലേക്കു ഒരു റിപ്പോർട്ടയച്ചു. ഈ റിപ്പോർട്ടു, ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അയച്ചിട്ടുള്ള റിപ്പോർട്ടിനേയും ആലപ്പുഴ ചേമ്പർഓഫ്കോമഴ്സിൽ മീറ്റിങ്ങുകൂടി പാസാക്കി അയച്ചിട്ടുള്ള നിശ്ചയത്തേയും വച്ചുകൊണ്ടു് തയാറാക്കി അയച്ചിട്ടുള്ളതാണു്. ഈ അവസരത്തിൽ ചേമ്പർ ഓഫ്കോമേഴ്സ് എന്നു പറയുന്നതെന്താണെന്നു് അറിയുന്നതു് ഉചിതമായിരിക്കുമെന്നു് വിശ്വസിക്കുന്നു. ലേബർഅസോസിയേഷന്റെ പ്രധാനപ്രവർത്തകന്മാരിൽ ചിലരുടെ പേരിൽ കേസെടുത്തു് അതു വിചാരണയിൽ ഇരിക്കുകയാണു്. ആ കേസിലേ വാദികളിൽ ചിലർ ആലപ്പുഴ ചെയിംബർ ഓഫ്കോമേഴ്സിന്റെ പ്രവർത്തകന്മാരിൽ ചിലരാണു്. അവരുടെ മനസ്ഥിതി എന്തായിരിക്കുമെന്നു ഊഹിക്കാമല്ലൊ. അവരാണു് ലാത്തിചാർജിനേപ്പറ്റിയും മറ്റും നിശ്ചയങ്ങൾ പാസാക്കി അയച്ചിട്ടുള്ളതു്. ആ നിശ്ചയങ്ങളേയും പൊലീസ് കമ്മീഷണരുടേയും ഡിസ്ട്രിക്ട് മജിസ്ട്രേട്ടിന്റേയും റിപ്പോർട്ടുകളേയും അടിസ്ഥാനപ്പെടുത്തിയാണു് ഗവർമ്മെൻറിൽ നിന്നും അതിനേപ്പറ്റി ഒരു പ്രൊസീഡിങ്ങ്സു പാസാക്കിയിട്ടുള്ളതു്. കീഴ്സിൽ ബന്തികളേ പരിരക്ഷിക്കുന്നതിനും സത്യാവസ്ഥയെമറയ്ക്കുന്നതിനും വേണ്ടി മാത്രം തയാറാക്കി അയച്ചിട്ടുള്ള റിപ്പോർട്ടാണു് പോലീസ്കമ്മീഷണർ അയച്ചിട്ടുള്ളതു്. ഈ അന്വേഷണത്തെപ്പറ്റി ലേബർഅസോസിയേഷനിൽ നിന്നും അധികൃതമായ പ്രസ്താവനകൾ പുറപ്പെടുവിച്ചിട്ടുണ്ടു. സഭയുടെ അറിവിനായി അതിൽചില ഭാഗങ്ങൾ പ്രസിഡണ്ടിന്റെ അനുമതിയോടുകൂടെ ഇവിടെ വായിച്ചുകൊള്ളുന്നു.

ലാത്തിചാർജ്ജു മൂലം ഉദ്ദേശം നൂറിൽ കുറയാതെ ആളുകൾക്കു പരുക്കുകൾ പറ്റിയിട്ടുണ്ടു. അവരിൽ മുപ്പത്തിരണ്ടു പേരെ പൊലീസു കമ്മീഷണർ അവർകൾ ആവശ്യപ്പെട്ടതനുസരിച്ചു് അദ്ദേഹം ക്യാമ്പു ചെയ്തിരുന്ന നവറോജ് ബംഗ്ലാവിൽ കൊണ്ടുചെന്നു് മൊഴികൊടുപ്പിച്ചിട്ടുണ്ടു്. മൊഴികൊടുത്ത സന്ദർഭത്തിൽ പരുക്കേറ്റ തൊഴിലാളികളുടെകൂടെ ഞാനും മി. എം. എസ്സു്. അനിരുദ്ധൻ ബി. എ., ബി. എൽ. എം എൽ. സീയും സന്നിഹിതരായിരുന്നു എന്നുള്ളതും പ്രത്യേകം പ്രസ്താ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kannara Gopala Panikkar.]

വ്യമാണ്. കാൽമുട്ടിനും അരക്കെട്ടിനും കൺവളയത്തിനും, കണംകാലിന്റെ എല്ലിനും പരുക്കു പറ്റിയ പലരേയും കമ്മീഷണർ അവർകൾ തന്നെ നോക്കി വിവരങ്ങൾ അന്നു രേഖപ്പെടുത്തി എടുത്തിരുന്നു. അരക്കെട്ടിനു മുടിയേറു നടക്കാൻ കഴിയാതിരുന്ന രണ്ടുപേരെ റിക്ഷായിൽ ഇരുത്തിക്കൊണ്ടു തന്നെയാണ് അദ്ദേഹം വിവരങ്ങൾ ചോദിച്ചെഴുതിയെടുത്തത്. ഡിസ്ട്രിക്ട് മജിസ്ട്രേട്ട ഈ കാര്യത്തെപ്പറ്റി എങ്ങിനെയാണ് അന്വേഷണം നടത്തിയതെന്ന് എനിക്കറിഞ്ഞുകൂടാ. അതുകൊണ്ട് അദ്ദേഹത്തിന്റെ റിപ്പോർട്ടിനെ സംബന്ധിച്ച് യാതൊന്നും ഇവിടെ പറയുന്നില്ല. കമ്മീഷണർ അവരുടെ റിപ്പോർട്ടിൽ പരുക്കേറ്റവരുടെ എണ്ണം കേവലം നാലുമാത്രമായി രൂപാന്തരപ്പെട്ടതിന്റെ രഹസ്യം അത്ഭുതകരമായിരിക്കുന്നു.

സ്ഥിതിഗതികൾ നടന്നിട്ടുള്ളതു് ഇങ്ങനെയാണെന്നാണു് ലേബർ അസോസിയേഷൻസിക്രട്ടറി പ്രസ്താവന പുറപ്പെടുവിച്ചിട്ടുള്ളതു്. അതിന്റെ കോപ്പി പൊലീസ്കമ്മീഷണർക്കും ഗവർമ്മെൻറിലേക്കും അയച്ചു കൊടുത്തിട്ടുണ്ട്. ഇതിൽ മുപ്പത്തിരണ്ടുപേരിൽനിന്ന് ഒപ്പുവാങ്ങിയിട്ടില്ലെന്നും മൂന്നേറ്റവരുടെ പാട്ടുനോക്കി നോട്ടുചെയ്തിട്ടില്ലെന്നും റിക്ഷായിൽ ഇരുത്തി മൊഴിവാങ്ങിയിട്ടില്ലെന്നും ഉള്ള യാതൊരു പ്രസ്താവനയും കാണുന്നില്ല. ഈ സംഗതി ആലപ്പുഴ പോലീസിന്റെ നിയന്ത്രണത്തിനു വിട്ടു കൊടുത്തിരുന്നു എന്നുവരികിൽ ഇങ്ങനെയുള്ള ലാത്തിചാർജിനു ഇടവരികയില്ലായിരുന്നു എന്നാണ് ലേബർ അസോസിയേഷനിലെ പ്രവർത്തകന്മാർ വിശ്വസിക്കുന്നതു്. നീതിനിഷ്ഠനും സത്യസന്ധനുമായ ആലപ്പുഴ പൊലീസ് ഇൻസ്പെക്ടരുടെ മുമതലയിൽ ആലപ്പുഴ ലേബർ പ്രശ്നം വിട്ടുകൊടുത്തിരുന്നുവെങ്കിൽ യാതൊരു അനിഷ്ടസംഭവങ്ങളും ഉണ്ടാകുകയില്ലായിരുന്നു. ഈ അവസരത്തിൽ ആലപ്പുഴയുള്ള തൊഴിലാളികളുടെ വാസ്തവമായ മനഃസ്ഥിതി ഏതുപ്രകാരമാണെന്ന് ഊഹിക്കാവുന്നതാണ്. അവർ നിരപരാധികളും നിയമാനുസാരികളും ആണെന്ന ആക്ഷേപം ബോദ്ധ്യപ്പെടുന്നതാണ്.

PRESIDENT: Hon'ble Member has exceeded his time by 5 minutes I give him three minutes more.

MR. KANNARA GOPALA PANIKKAR: പബ്ലിക്ക് സെർവെൻറ്സ് എന്നു പറഞ്ഞാൽ അവർ പൊതുജനദാസന്മാരാണെന്നുള്ള സംഗതി ഇപ്പോഴും മിക്കവാറും ഉദ്യോഗസ്ഥന്മാർ വിസ്മരിച്ചുവരുന്നതായിട്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

കണ്ടുവരുന്നതു്. പബ്ലിക്കു് സെർവെൻറ്സ് പൊതുജനങ്ങളുടെ യജമാനന്മാരാണെന്നുള്ള നിലയിൽ പെരുമാറാതിരുന്ന എങ്കിൽ ഈ തൊഴിലാളികളോടു് ഇപ്രകാരം പ്രവർത്തിക്കുകയില്ലായിരുന്നു. ഈ തൊഴിലാളികൾ എന്നു പറയുന്നതു് ആരാണു്. തിരുവിതാംകൂറിൻറെ നട്ടെല്ലാണു് അവർ. ഏതൊരു ദേശത്തിൻറേയും നട്ടെല്ലാണു് ഈ തൊഴിലാളികൾ. സർവ്വവിധങ്ങളായ ഉല്പന്നങ്ങളും ഇവരുടെ പ്രയത്നഫലമായിട്ടാണു് നമുക്കു കിട്ടുന്നതു്. തൊഴിലാളികളുടെ പ്രയത്നഫലമാണു് ഇന്നത്തെ ഉദ്യോഗസ്ഥന്മാരും മുതലാളിമാരും അനുഭവിക്കുന്നതു്. ഈ സംഗതികൾ എല്ലാം സ്മരിച്ചിരുന്നു എങ്കിൽ ഈ ഉദ്യോഗസ്ഥന്മാർ, കഠിനഹൃദയന്മാരായ ഈ ഉദ്യോഗസ്ഥന്മാർ, മനുഷ്യസ്നേഹമില്ലാത്ത ഈ ഉദ്യോഗസ്ഥന്മാർ, സഹോദരസ്നേഹമില്ലാത്ത ഈ ഉദ്യോഗസ്ഥന്മാർ, മഹാരാജാവുതിരുമനസ്സിലെ പ്രജകളുടെ ക്ഷേമൈശ്വര്യങ്ങളേയും സമാധാനത്തേയും പരിപൂർണ്ണമായി സംരക്ഷിക്കുന്നതിനുള്ള ചുമതലയോടുകൂടി നിയമിക്കപ്പെട്ട ഈ ഉദ്യോഗസ്ഥന്മാർ, അവരുടെ ചുമതല എന്തെന്നു് അറിഞ്ഞിരുന്ന എങ്കിൽ സാധുക്കളായ തൊഴിലാളികളെ ഇങ്ങനെ നിർദ്ദയം മർദ്ദിക്കുന്നതിനു് ഒരുമ്പെടുകയില്ലായിരുന്നു. തിരുവിതാംകൂറിലെ തൊഴിലാളികളുടെ മേലുള്ള ഈ ലാത്തിചാർജ്ജിനേപ്പറ്റി മദ്രാസിലും മറ്റും പ്രതിഷേധങ്ങൾ പുറപ്പെടുവിച്ച അവസരത്തിലാണു് അതിനേക്കുറിച്ചു് ഒരു പ്രസ്സ് കമ്മൂണിക്കു് ആവിർഭവിച്ചിട്ടുള്ളതു്. ആ പ്രൊസീഡിങ്ങ്സ് വെറും എക്സ്പാർട്ടി മാത്രമാണു്. പൊലീസുകാരെ രക്ഷിക്കുന്നതിനുവേണ്ടി മനഃപൂർവ്വമായി കമ്മീഷണർ അയച്ചിട്ടുള്ള റിപ്പോർട്ടും ഡിസ്ട്രിക്ട് മജിസ്ട്രേട്ട് അയച്ചിട്ടുള്ള റിപ്പോർട്ടും വച്ചുകൊണ്ടു് ലേബർഅസോസിയേഷൻറെ പ്രസ്താവനയുടെ പ്രത്യക്ഷവിരുദ്ധമായി പാസാക്കിയിട്ടുള്ളതാണു് ആ പ്രൊസീഡിങ്ങ്സ്. അതിനാൽ ഈ പ്രമേയത്തെ അവതരിപ്പിച്ചുകൊണ്ടു് തിരുവിതാംകൂർ ഗവണ്മെൻറിനോടു് എനിക്കു അപേക്ഷിക്കുവാനുള്ളതു് ഇനിയെങ്കിലും ഏറ്റവും വേഗത്തിൽ ആലപ്പുഴെ നടന്ന സ്ഥിതിഗതികളെപ്പറ്റി അന്വേഷിച്ചു് കുറ്റക്കാരെ കണ്ടുപിടിച്ചു ശിക്ഷിക്കുന്നതിനു പര്യാപ്തമായ ഒരു റിപ്പോർട്ടു തയാറാക്കി അയക്കുന്നതിനു ഒരു ജുഡിഷ്യൽ എൻക്വയറി ഏർപ്പെടുത്തണമെന്നാണു്. ആലപ്പുഴയുള്ള ലേബർ അസോഷിയേഷനെപ്പറ്റി തിരുവിതാംകൂറിലെ ഓരോ പൌരനും വളരെ അഭിമാനത്തോടുകൂടി സ്മരിക്കേണ്ടതാണു്. ഇൻഡ്യയിൽ അനുന്നൂറിൽ ചിലപ്പോൾ നാട്ടുരാ

LIBRARY ARCHIVES Kerala Legislative Assembly

[Mr. Kannara Gopala Panikkar.]

ജുങ്ങാം ഉള്ളതിൽ ഇതുപോലെ സംഘടിതമായും അഭിമാനപ്രദമായും പ്രവർത്തനം നടത്തുന്ന ലേബർ അസോസിയേഷൻ വേറെ ഉണ്ടെന്നു തോന്നുന്നില്ല. ഇങ്ങനെയുള്ള ലേബർ അസോസിയേഷനെ ഇപ്രകാരം മർദ്ദിക്കുന്നതു് അന്യായവും പരിതാപകരവുമാണ്. ഈ പ്രവൃത്തി ഒരിക്കലും മായ്ക്കാവുന്നതും മറക്കാവുന്നതുമല്ല. അതുകൊണ്ടു ബഹുമാനപ്പെട്ട ഗവണ്മെൻറു കഴിയുന്നതും വേഗത്തിൽ തൊഴിലാളികളുടെമേൽ ഈ നിർദ്ദയമായ മർദ്ദനം നടത്തിയതിനു് ഉത്തരവാദികളായ ഉദ്യോഗസ്ഥന്മാരെ കണ്ടുപിടിക്കുന്നതിനു പര്യാപ്തമായ ഒരന്വേഷണം നടത്തുന്നതിനു വേണ്ട നടപടികൾ നടത്തണമെന്നുള്ള അപേക്ഷയോടുകൂടി ഈ പ്രമേയത്തെ ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

MR. M. SIVATANU PILLAI : May I know from the member whether it was after the burial of the dead-body by the Police that the people exhumed it and then buried it again?

MR. KANNARA GOPALA PANIKKAR : ബാവായെ സംസ്കരിക്കുന്നതിനു പൊലീസുകാർ കുഴിവെട്ടുകമാത്രമെ ചെയ്തുള്ളൂ. അവർ ശവം കുഴിച്ചിട്ടില്ല. അതിനുമുമ്പു് പ്രേതം ദഹിപ്പിച്ചുകൊള്ളുന്നതിനുള്ള അനുവാദം അവർ വാങ്ങി.

MR. M. RAMACHANDRA RAO: Was the hon'ble Member present at the scene of the lathi charge?

MR. KANNARA GOPALA PANIKKAR: Yes, I was.

***MR. V. K. VELAYUDHAN** : I second the motion. I think I am in a position to speak of my own personal knowledge in regard to certain matters connected with the subject of this motion.

The Secretary and two committee members of the Travancore Labour Association were arrested in proceedings under Section 90 of the Criminal Procedure Code, on the 11th Meenam this year, and taken to the Police Station. The arrest was at about 11 A. M. I was engaged to appear for the accuseds. I went to the Police Station at about 10 A. M. There was a very large crowd of labourers on the public road in front of the Police Station. I found that the crowd was absolutely peaceful. I also could not find any intention on the part of the Police to disperse the crowd. I met the Inspector of Police and wanted to get the vakalath signed by him. He informed me that he would be taking the accuseds to the Magistrate's Court in about half-an-hour, and would sign the vakalath before the Magistrate. When I left the Police Station, I never imagined that such a very serious incident would happen within, say, 15 minutes. The crowd was very peaceful; there was no noise even; and as I said, the Police too did not seem to have any intention to disperse the crowd.

* Speech not corrected by the member.

LIBRARY ARCHIVES Kerala Legislative Assembly

MR. E. P. VARGHESE: May I know the probable number of the people assembled there?

MR. V. K. VELAYUDHAN: About two or three thousands. But all of them were not exactly in front of the Police Station; they were standing on either side of the canal along a distance of about two furlongs. I may also state that the conduct of the Police at that time was beyond any reproach, and I have nothing to complain about that. (*Hear, hear.*)

Sir, within half-an-hour of my departure, I found four of the labourers being carried to the First Class Magistrate, all of them looking unconscious; and the accuseds, (my clients), the Police Inspector and the Magistrate had come to the Magistrate's Court. The Magistrate took down statements from all these four persons—I believe one of them could not even speak. They were then taken to the hospital, and one of them died the following day.

The information that I obtained on personal enquiry as to the occurrence was this. I received all this information from the Secretary of the Labour Association and the four accuseds who were in the Police Station during the incident. I may say that they too did not make any complaint against the behaviour of the Police. Soon after I left the Police Station, it seems the First Class Magistrate, on his way to his Court, just entered the Police Station. I am told that the crowd was peaceful and did not give room for any provocation. The mistake that they committed was that they did not clear the way for him at the sight of the First Class Magistrate. Sir, the false sense of dignity and prestige of officialdom in Travancore is notorious. The First Class Magistrate felt his prestige wounded by the crowd not instantaneously disappearing the moment he appeared on the scene. The information that I have received soon after the incident from the accuseds who were present at the Police Station then, was that it was at the instance of and as per his order that the crowd was charged by the Police as a result of which charge one among the crowd died in the hospital.

I take this opportunity Sir, to bring to the notice of this House the very serious situation that has to be faced in Alleppey. The whole trouble is due to the successive and continuous reduction of wages. The Travancore Labour Association, on behalf of the labourers, have been agitating against this reduction of wages. The reduction has been caused this way. One factory reduces the wages by 2 as. On that pretext, the neighbouring factory reduces 3 as. A regular competition like this has been going on between the various factories there in this sort of reduction of wages. I had a talk with some of the factory-owners. Everyone of them says 'I did not do it first; let my neighbour increase the wages to the old level; and I shall also immediately do it; now, if I alone increase the wages, I cannot compete with him in the foreign market.' Apparently, that argument is reasonable. But the fact remains that the poor labourer suffers.

LIBRARY ARCHIVES Kerala Legislative Assembly

Sir, the Travancore Labour Association has been working against this reduction of wages. For the information of the House, I may say that the present wages are less than one-fourth of the wages which were obtaining 10 years ago.

The labour association met and passed a resolution for doing propaganda for a general strike. In pursuance of that resolution three or four meetings were convened at Alleppey. I think I was present on one occasion among the audience. The crowd was nearly twenty or twenty-five thousand strong. But I must testify to it that there was not even the slightest disturbance. The whole meeting passed off in an orderly way. But there was a prohibitory order. Soon after, Government instituted an enquiry. Even though their propaganda was prohibited by Government they accepted the enquiry and called back the resolution declaring a general strike. Every body believed that the situation was peaceful and that the panic created by the resolution for a general strike had ceased. It was at that juncture that this prosecution took place quite unexpectedly to everybody concerned and it was on account of that prosecution that this unhappy incident occurred.

Before I close, I wish to make a suggestion that Government somehow or other has to face the situation. I would suggest the appointment of a wage-fixing committee or conciliation board to go into this question. The committee or board may consist of an equal number of representatives of labour and capital and I may also say that it may be presided over by an officer. If some such method is adopted, such disturbances may be avoided in future.

With regard to the Government proceedings I bumbly submit that in the face of such a very serious incident Government were content with simply passing a proceedings in which they have chosen to say that the death was not consequent on the lathi charge. Anyhow, whether it was due to any beating by the Police or whether the victim was trampled upon, the fact is that he died as a result of that charge. That fact remains. The life of the poorest man is as precious as the life of the richest man. Government seem to have taken no serious view of this precious life of an individual. He is also a subject of His Highness the Maharaja. Had the Government cared to make any enquiry into this matter? They are simply content to have certain resolutions and the medical certificate. I strongly condemn such an evasive method of passing proceedings on such very important matters. This is a matter which affects the very happiness of the labouring class. One of them dies. They send telegrams to His Highness the Maharaja and to the Government. The result is that the Government pass proceedings stating that the medical certificate says that it was not due to the lathi charge. That is also a very serious matter which I place before the House.

With these observations, I support the motion.

LIBRARY ARCHIVES Kerala Legislative Assembly

MR. M. SIVATNANU PILLAI: May I know the name of the First Class Magistrate who gave the order?

MR. V. K. VELAYUDHAN: Mr. George Thomas.

MR. M. SIVATHANU PILLAI: Is he in service still?

MR. V. K. VELAYUDHAN: He has retired.

MR. K. C. KARUNAKARAN (*Nominated*): Sir, I rise to oppose the adjournment motion before the House. Before I say a few words on this motion, let me thank the mover of this motion who comes from Chengannur for taking so much interest in the affairs of Alleppey. I do think, Sir, that this interest we have not come across in this public worker about two or three years ago when one of the employers was attacked and assaulted on the public highway by the labourers. I believe that my friend the mover of this motion will in future show a keen interest in the safety of the employers also.

Coming to the motion, Sir, before I say one or two words about the happening on the 11th Meenom 1113 let me say a few words in a general way as to the conditions in Alleppey. The Travancore Labour Association and the Chambers of Commerce have been mentioned. I was very closely following the fortunes of the so-called labour organization called the Travancore Labour Association for the last 11 or 12 years. Sir, when my friend Mr. V. K. Velayudhan was controlling, conducting and guiding this association, I was one of the regular contributors to the association. I am sure my friend, Mr. Velayudhan will say "yes" to that. It is for this House to say why people who used to contribute substantially for the organisation discontinued their contributions after people like Keshav Dev began to take the control of the Association. Sir, when the management of the Association left the hands of men like Mr. Velayudhan, Mr. Anirudhan and Mr. P. S. Mahomed and when the regime of Keshav Dev, Mr. P. K. Kunju and Sry. C. O. Ponnamma came into existence naturally we took a different attitude, because we believe that the Association is not being used for the welfare of the emplyees but for some other ends.

Sir, when a man is booked under Section 90 or prosecuted under some other section of the Penal Code, why should the so-called political leaders sitting one hundred and a hundred and fifty miles away from Alleppey come to Alleppey? Where were they about 12 years ago when there were larger happenings in Alleppey? Where was our good friend, Mr. Pattom Thanu Pillai then? Mr. Pattom Thanu Pillai was at Alleppey on the 12th Mithunam 1113. Why? Because there was a close connection between the political organisation and the labour movement. When the factory owners who control thousands of labourers and who sit working among them alone saw the danger of these two organisations, with no interest in common, coming together, our organization thought that it was better for us, for the safety of the employer, for the safety of the Government of Travancore and for the maintenance of law and order to take a right stand and show, to the world that this organization run under the name of the Travancore

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. C. Karunakaran.]

Labour Association is really not run for the welfare and the safety of the employee but for some other considerations. Sir, this is in a general way.

MR. A. THANU PILLAI: I wish to know from the honourable member why Mr. Pattom Thanu Pillai went to Alleppey?

MR. K. C. KARUNAKARAN: I refuse to yield, Sir.

MR. A. THANU PILLAI: On a word of personal explanation.

PRESIDENT: Order, order. The question of personal explanation may come in after the honourable member has finished his speech. As I have always stated, if the honourable member does not yield his place, the other honourable member may make a note of what he has to say by way of personal explanation and afterwards make the personal explanation.

MR. K. C. KARUNAKARAN: Sir, another general observation raised was that three times the Labour Association placed before the Dewan or the Government their grievances. I do admit the employee has got his own grievances. But the employer also has got his own grievances. The solution of the grievances of both parties should go side by side. The Dewan has to take, the administrator of Travancore must find a solution for the grievances of both the parties, together. He cannot solve the grievances of one party, the employee, without solving the grievances of the other party, the employer. Sir, during the time of Dewan Habibullah, the Travancore Labour Association submitted a memorial to the Government alleging that the employers are doing this and that, reducing the wages by one hundred per cent and 75 per cent and so on and so forth. At that time the Travancore Government appointed the then Division Peishkar, Mr. M. P. Joseph, to go to Alleppey, take evidence and submit a report to the Government on those allegations. Mr. M. P. Joseph came to Alleppey. He visited most of the factories in Alleppey. His report was submitted to Government and a press communique was published by Government. What was the press communique? In it the Government openly said that all those allegations were exaggerations and intended to serve political ends, that the reduction alleged to have taken place in the wages has not really taken place though in a very few cases reductions have taken place. Especially in regard to one factory he wrote that while the factory was running over 120 items, reduction was made in regard to three items. In these days when the price of materials has gone down, when the manufactured things also have come down in value, is it a surprise, Sir, that a factory running 120 different items cut down the wages under three items?

The honourable the mover, Mr. Gopala Panickkar said that 75 per cent reduction has been made in 10 years. I am the Secretary of the Travancore Chamber of Commerce and I am playing with figures every day, Sir, and I have not come across this figure at all. In fact, I may take the House into my confidence. The present Division Peishkar of Quilon has been appointed as the enquiry officer and a memorandum by the Travancore Labour Association has been submitted to him

LIBRARY ARCHIVES Kerala Legislative Assembly

with all kinds of unsupportable allegations. And this was sent to the Chamber of Commerce. I beg to submit to the House that we are at it for the last six weeks, because the allegations there, the so-called facts, can never be supported by facts or figures.

PRESIDENT: Order, order. The honourable member will take care not to divulge what may happen in an extra-judicial enquiry.

MR. K. C. KARUNAKARAN: This is a published document. However much we tried, we could not see eye to eye with them. The reduction of wages, they are putting it up prominently in their programme of work. This is mere myth. On the subject of the reduction of wages, I should say, as one who employs much labour and who controls more than three factories, that we have to reduce wages. But Sir, in reducing wages, men like me, who know the conditions and the life of the labourer, who knows the cost of the primary articles which are used by the labourer, have taken all these things into consideration. We have taken into consideration the present living cost for the labourer and in proportion to that we have been compelled, not only for our sake, for the sake of the labourers themselves and for the sake of the country, to reduce the wages.

I am at one with Mr. Panickar and I also will urge on Government that they should take the earliest opportunity to see that not a single employer throughout the country pays wages in kind. I can honestly tell you, Sir, that there are factories—not in Alleppey town but in the suburbs—which have from barber shops up to the rice shops. The labourers are not paid in cash there. Shaving is done there, cropping is done there. Rice is bought there, clothing is bought there. I agree that this should be stopped. The primary duty of Government is to put a stop to it. That will be one indirect way to do away with the keen and cut-throat competition from the suburbs.

Then I come to the event of the 11th Mithunam 1113.

PRESIDENT: Order, order. The honourable member has 5 minutes more.

MR. K. C. KARUNAKARAN: About 11 o' clock on the 11th Meenom, I knew that my factory labourers too have gone on strike. At once I came to my office and was under telephonic communication with Mr. M. L. Janardhana Pillai. He also confirmed this. We thought it inadvisable for us to keep under discipline a large number of people. Seeing that it is essential to keep discipline among the workers in our factory, we could not allow the labourers to go as they liked. But we decided to leave the labourers at 12 noon. I understood from the Police that a mob of about six thousand people had gathered in front of the Police Station. The European factory owners could not do the same thing for several reasons. They allowed the labourers to leave the factory at about 8 o' clock. The Police advised us to close the factory. Accordingly we closed the factory. The mob was so huge, that even the Magistrate could not find his way into the Police station. With very great difficulty he went in.

LIBRARY ARCHIVES Kerala Legislative Assembly

The result of such a huge labour gathering was that looting took place in the neighbourhood of the Police Station. These misguided workmen did all mischief in the town. They went to a Kutchi memmon shop and threw his piece-goods in the street. All kinds of hubbub took place. Consequently there were small fights. That was followed by a lathi charge to push the workers away from the front of the Police Station. Though they were cleared off for some moments, fresh men pushing up became visible. There was then a lathi charge, but that had nothing to do with the death of a man. He had an injury on his spine and the death was due to that. That was testified to by the medical officer. I am sure that that on account of lathi charge, a man's back-bone could not be broken.

My friend asks for a judicial enquiry into the death of one man as a result of lathi charge. If we are to have a judicial enquiry at every turn nothing useful would come out of it. If for every small strike, we are to have judicial enquiries, I do not know where matters will end.

I oppose the motion.

MR. A. THANU PILLAI: Sir, I did not mean to intervene in this debate and would not have done so but for the fact that my name was mentioned by Mr. Karunakaran. He was stating here that labour disputes were exploited for political purposes and that I was one of those who made good that occasion. That is far from the truth. It is true that I happened to go to Alleppey on the day the man died on account of the lathi charge, but that was not for purposes mentioned by Mr. Sivathanu Pillai. Mr. P. N. Krishna Pillai and Mr. P. K. Kunju, members of the Legislature against whom warrants for arrest had been issued by the First Class Magistrate of Alleppey, told me that they were going to Alleppey and that if they happend to be arrested, I should appear on their behalf in the court and apply for bail. I agreed to do so. In that connection, I went there as a professional man, in my professional capacity. I was told while there that on account of the lathi charge made on the previous day, the condition of one man was serious and that I could see him. Being connected with public affairs, I thought it proper to go to the hospital and see how the man was. To my great sorrow I saw him in his last stages. A few hours after I came away, the man died. That was how I happened to be there. It is far from me to exploit labour situations for political purposes. I wish Mr. Karunakaran would do well to ascertain facts before he ventures upon statements of the kind he made to-day.

In regard to the facts stated in this motion what I wish to submit is this. It was a case in which Government ought to have instituted an enquiry. The fact is that there was a lathi charge and the man who died the following day was involved in it. Certainly the matter is fit for investigation. That it was as a result of the lathi charge, that the man died is clear. The question is whether the lathi charge was justifiable and how for the charge was responsible for his death,—All these are matters calling for an enquiry. Therefore, I am strongly of the opinion that, an enquiry into the incidents at Alleppey is very necessary. Even now it is not too late to do so.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU (*Quilon cum Kottarakara*): എന്റെ മാന്യസ്നേഹിതൻ മി. കണ്ണറഗോപാലപ്പണിക്കർ അവതരിപ്പിച്ച പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. നിരപരാധികളായ വേലക്കാരെ അകാരണമായി പോലീസുകാർ ലാത്തിച്ചാർജ് ചെയ്തതാണ് ഇപ്പോഴത്തെ വാദവിഷയം. ഈ ലാത്തിച്ചാർജ്ജിനു ഇടയായ സംഭവത്തെക്കുറിച്ചു ഇവിടെ വിവരിച്ചുകഴിഞ്ഞു. സാധുക്കളായ അനവധിവേലക്കാരെ പൊലീസുകാർ ആലപ്പുഴ പൊലീസുസ്റ്റേഷന്റെ മുൻവശത്തു പിടിച്ചുനിറുത്തി അകാരണമായി ലാത്തിചാർജ്ജു ചെയ്കയാണുണ്ടായത്. ആലപ്പുഴയിലും അതിന്റെ പരിസരങ്ങളിലും ഉള്ള വേലക്കാർ രാവും പകലും ഒരുപോലെ കഷ്ടപ്പെട്ടു വേലചെയ്താൽപോലും നിത്യത കഴിച്ചുകൂട്ടാൻ നിവൃത്തിയില്ല. തുച്ഛമായ കൂലിയുംവാങ്ങി നിരവധി ദുരിതങ്ങൾ അനുഭവിക്കുന്നവരാണ് അവർ. ഈ ദുരിതാനുഭവങ്ങൾ ഇന്നും ഇന്നലെയും തുടങ്ങിയതല്ല. തിരുവിതാംകൂർ ലേബർഅസോസിയേഷൻ എന്നൊരു സംഘം ഉണ്ട്. ആലപ്പുഴയിലേയും പരിസരങ്ങളിലേയും വേലക്കാരെ വ്യാവസായികമായും സാമ്പത്തികമായും രാഷ്ട്രീയമായും പുരോഗമിപ്പിക്കുക എന്ന ആദർശത്തെ അടിസ്ഥാനപ്പെടുത്തി പ്രവർത്തിച്ചുകൊണ്ടുപോരുന്ന ഒരു സ്ഥാപനമാണ് അത്. അതിന്റെ സംഘടനാബലത്തെപ്പറ്റി നോക്കുകയാണെങ്കിൽ, ഇൻഡ്യയിലെ ഏതു നാട്ടുരാജ്യങ്ങളിലുമുള്ള മറ്റു തൊഴിലാളിസ്ഥാപനങ്ങളുടെ ഏറ്റവും മുന്നണിയിൽത്തന്നെ നിൽക്കുന്ന ഒരു സ്ഥാപനമാണ് അതെന്നും തിരുവിതാംകൂറിനു തന്നെ അഭിമാനജനകമാംവിധം ആ സ്ഥാപനം അത്ര മഹത്തരമാണെന്നും പ്രസ്താവിക്കാൻ കഴിയും. ഈ തൊഴിലാളിപ്രസ്ഥാനം രാഷ്ട്രീയകാര്യങ്ങളിൽ ഇടപെടാറുണ്ടെന്നും ചില രാഷ്ട്രീയനേതാക്കന്മാർ ഈ പ്രസ്ഥാനത്തിൽ ഇടപ്പെട്ട ഇവിടുത്തെ വ്യാവസായിക അന്തരീക്ഷത്തെ അസ്വസ്ഥപ്പെടുത്തുമാറു പ്രവർത്തിക്കാറുണ്ടെന്നും ഈ ലാത്തിച്ചാർജ്ജു അവരുടെ അപ്രകാരമുള്ള ഇടപെടലിന്റെ ഒരു ദുരന്തഫലമായിരിക്കുമെന്നും മറെറാരു മെമ്പർ ഇവിടെ പ്രസ്താവിക്കയുണ്ടായി. വേലക്കാരെ ഭയങ്കരമായി ഉപദ്രവിച്ചും പീഡണംചെയ്തും അവരെക്കൊണ്ടു കഠിനമായി വേലചെയ്യിച്ചും മർദ്ദിച്ചും വന്നർ വീട്ടിച്ചുകൊണ്ടിരിക്കുന്ന മുതലാളിമാരായ മി. കെ. സി. കരുണാകരനെപ്പോലെയുള്ള ആളുകൾ ആലപ്പുഴയിൽ ഉള്ളപ്പോൾ മി. പി. എൻ. കുഞ്ഞപിള്ളയെപ്പോലെയൊ, ശ്രീമതി പൊന്നമ്മയെപ്പോലെയൊ എന്നെപോലെയൊ ഉള്ളവർ സാധുക്കളായ അവരുടെ കഷ്ടസ്ഥിതികൾക്കു എങ്ങിനെയെങ്കിലും ഒരു ഉപശ

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. K. Kunju.]

മനം ഉണ്ടാക്കുവാൻ വേലക്കാരോട്ട അനുകമ്പയും ആനുകൂല്യവും പ്രദർശിപ്പിക്കുന്നവരായി ഉണ്ടാകുന്നുവെങ്കിൽ അതിൽ അത്ഭുതത്തിനവകാശമില്ല. ഇങ്ങനെയുള്ളവരുടെ ആവശ്യംക്രൂടി ഉണ്ടെന്നാണു എനിക്കു തോന്നുന്നതു. തൊഴിലാളികൾക്കു ശരിയായി കൂലികൊടുക്കുന്ന കാര്യത്തിൽ മുതലാളിമാരെ പ്രേരിപ്പിക്കുന്നതിനായി ഗവണ്മെൻറു വേണ്ടതരത്തിൽ പ്രവർത്തിക്കണമെന്നു കഴിഞ്ഞ പത്തു കൊല്ലങ്ങളായി അവർ ഗവണ്മെൻറിനോട്ട നിവേദനപ്പെടുന്നുണ്ടായിരുന്നു. ഇപ്പോഴത്തെ ദിവാൻജിദിവാൻപദത്തിൽ പ്രവേശിച്ചുകഴിഞ്ഞയുടെ ഫ ഫ ഫ മിഥുനം ൧൦-ാംനു- ആണെന്നു തോന്നുന്നു.—ആലപ്പുഴ ലേബർ അസോസിയേഷന്റെ പ്രതിനിധികൾ ചേന്നു തൊഴിലാളികളുടെ ദുരിതാനുഭവങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ അടുക്കൽ നിവേദനംചെയ്തു. ഒരുമാസത്തിനകം എന്തെങ്കിലും പരിഹാരം ഉണ്ടാക്കാമെന്നും അടുത്തുതന്നെ നിയമസഭ കൂടുന്നതിനാൽ മുതലാളിമാരുടെ പ്രതിനിധികളും മറ്റു നിയമസഭാംഗങ്ങളും ഇവിടെ വരുമെന്നും അപ്പോൾ രണ്ടുകൂട്ടരുടേയും സാന്നിദ്ധ്യത്തിൽ പരസ്പരസമ്മതപ്രകാരം എന്തെങ്കിലും ഒരു തീരുമാനം ഉണ്ടാക്കുവാൻ കഴിഞ്ഞേക്കുമെന്നും അദ്ദേഹം പറയുകയുണ്ടായി. അതനുസരിച്ചു അവർ മൂന്നാലുമാസം കാത്തിരുന്നു. ഒരുവിശേഷവും ഉണ്ടായില്ല. ഫ ഫ ഫ വൃശ്ചികം ൨൪-ാംനു- ആണെന്നു തോന്നുന്നു, പിന്നീട്ട, അദ്ദേഹത്തെ ആലപ്പുഴയിൽവച്ചു് വീണ്ടും കണ്ടു. എന്തെങ്കിലും പരിഹാരം അടുത്തുതന്നെ ഉണ്ടാക്കാമെന്നു അദ്ദേഹം അന്നും ഉറപ്പു നൽകി. എന്നാൽ അന്നത്തെ വാഗ്ദാനങ്ങളും ജലരേഖപോലെ പരിണമിക്കയാണുണ്ടായതു. തൊഴിലാളികൾക്ക് വേലചെയ്താൽ ഫലമില്ല; എത്രമാത്രം ജോലിചെയ്താലും കൂലി കിട്ടുന്നില്ല. എങ്ങിനെയായാലും ജീവിക്കാൻ നിർവാഹമില്ലെന്നും ഇതിനു് ആരും ഒരു പരിഹാരമാർഗ്ഗവും നിർദ്ദേശിക്കുന്നില്ലെന്നും കണ്ടപ്പോൾ ഇനി ഒരു പൊതു പണിമുടക്കു് നടത്തിയാൽ എന്തെന്നുള്ള ആലോചനയായി. കഴിഞ്ഞ കുംഭമാസം ൨൪-ാംനു- എന്റെ അദ്ധ്യക്ഷതയിൽ ആലപ്പുഴവച്ചുകൂടിയ ഒരു യോഗത്തിൽ അവർ ഒരു പ്രമേയം പാസാക്കി. അദ്ധ്യക്ഷന്റെ അനുവാദത്തോടുകൂടി ഞാൻ ആ നിശ്ചയം ഇവിടെ വായിക്കാം.

"ആലപ്പുഴയിലും പരിസരങ്ങളിലുമുള്ള കയർ ഫാക്ടറികളിൽ, നിരന്തരവും ഭയങ്കരവും ആയ ക്ലേശക്കുറവുകൊണ്ടും, ക്ലേശപണമായി കൊടുക്കാത്തതു കൊണ്ടും വേല കൺട്രാക്ടു് കൊടുക്കുന്നതു കൊണ്ടും ജീവിതാവശ്യത്തിനു മതിയായ വിധം കൂലിക്കൂട്ടിക്കിട്ടാത്തതു കൊണ്ടും ഫാക്ടറി ഉടമസ്ഥ

LIBRARY ARCHIVES Kerala Legislative Assembly

ന്മാർ സംഘത്തെ അംഗീകരിക്കാതിരിക്കുന്നതു കൊണ്ടും വേലക്കാർ അനുഭവിക്കുന്ന ഭാരുണമായ പലതരം കഷ്ടതകളെ ഈ സംഘം പല പ്രാവശ്യം ഗവൺമെൻറിനേയും കമ്പനി അധികൃതരുടെയും ശ്രദ്ധയിൽ കൊണ്ടുവന്നിട്ടും യാതൊരു തീരുമാനവും ചെയ്യാ കാണാത്തതു കൊണ്ടും മേൽ പറഞ്ഞ അവശതകളുടെ പരിഹാരത്തിനായി കയർഫാക്ടറികളിൽ ഒരു പൊതു പണിമുടക്കം നടത്തേണ്ടതാണെന്ന ഈ യോഗം തീരുമാനിക്കുന്നു.''

